# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2152** **06/10/2016 ൽ മറുപടി**

## പാഠപുസ്തക പരിഷ്കരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | പാഠപുസ്തകങ്ങൾ പരിഷ്കരിക്കുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) | ഇല്ല. എന്നാൽ പാഠപുസ്തകങ്ങൾ പരിശോധിച്ച് ക്ലാസ് റൂമിലെ പഠന ബോധന പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിശദമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് എൻ.സി.ഇ.ആർ.ടി സിലബസിലുള്ള പാഠപുസ്തകങ്ങൾ ഏതൊക്കെ ക്ലാസ്സുകളിൽ നിലവിൽവന്നുവെന്നും ബാക്കി ക്ലാസ്സുകളിൽ എന്ന് നിലവിൽ വരുമെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് 1 മുതൽ 10 വരെയുള്ള ക്ലാസുകളിലേക്ക് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി സംസ്ഥാന സർക്കാർ അച്ചടിച്ച് നൽകുന്ന പാഠപുസ്തകങ്ങളും സിലബസുമാണ് നിലവിൽ പിന്തുടരുന്നത്. എന്നാൽ ഹയർ സെക്കന്ററി മേഖലയിൽ 13 വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടി സിലബസും പാഠപുസ്തകങ്ങളുമാണ് പിന്തുടർന്നു വരുന്നത്. |
| (സി) | ഇപ്പോഴത്തെ പാഠപുസ്തകങ്ങളെക്കുറിച്ച് പൊതുവെയുള്ള വിലയിരുത്തൽ എന്താണെന്നും കരിക്കുലം കമ്മിറ്റിയുടെ തീരുമാനം എന്താണെന്നും വ്യക്തമാക്കുമോ? | (സി) | വിലയിരുത്തൽ നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്മേൽ കരിക്കുലം കമ്മിറ്റി തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ